(പഴയകാല രചനകൾ)

ഒരു നർമ്മഗീതം



# ജാതി ചോദിക്കുന്നു ഞാൻ, സോദരാ....

സുധീർ പണിക്കവീട്ടിൽ

**(സമർപ്പണം: നാൽപ്പത് രാവും നാൽപ്പത് പകലും ഉപവസിച്ച് സാക്ഷാൽ പിശാച്ചിനെ മുട്ട് കുത്തിച്ച ദൈവപുത്രനായ ശ്രീ യേശുദേവന്റെ മാർഗ്ഗം സ്വീകരിച്ച് ജാതി പിശാചിനെ തോൽപ്പിക്കാമെന്ന വ്യാമോഹത്തോടെ മതം മാറിയ, *മതം മാറാനുദ്ദേശിക്കുന്ന* നമ്പൂതിരിമാരല്ലാത്ത എല്ലാ ഹിന്ദുക്കൾക്കും.)**

ക്രുസ്തുവിൽ വീണ്ടും ജനിച്ചു ഞാൻ
പുണ്യസ്നാനവുമേറ്റനാൾകളിൽ
ത്രുപ്തനായ് ഞാൻ ഹിന്ദു ധർമ്മത്തിൻ - ജാതി
പിശാച്ച് ഒഴിഞ്ഞ് പോയല്ലോ!!

ഭക്ത പ്രഹ്ലാദനായി ഞാൻ നിത്യം
ക്രുസ്തുനാമവും വാഴ്ത്തി വാഴവെ
ചുറ്റുവട്ടത്തുള്ളവരൊക്കെയും
സത്യ ക്രുസ്താനിയായെന്ന കാണവെ

ചൊല്ലെഴുമാര്യന്മാർ ലോഹ്യവുമായി-
ട്ടൊന്നു കണ്ടാലൽപ്പം നിന്നീടവെ
ജാതി മാറ്റുവാൻ ഏകമാർഗ്ഗമീ

ക്രുസ്തുവിൻ മാർഗ്ഗമെന്ന് ധരിച്ചു ഞാൻ

എൻെറ പൈത്രുക ജാതിയോർക്കാതെ
ഹൈന്ദവരെന്നെ മാനിച്ചുയർത്തവെ
പൂർവ്വികരായിട്ട് ക്രുസ്തുമതത്തിൽ
ജനിച്ച് വളർന്നവർ, ചോദിച്ചു പുഛമായ്

പേരിപ്പോൾ ക്രുസ്താനി ശരി തന്നെ , എങ്കിലും
മുമ്പത്തെ ജാതി പറയുക, ഓർക്കുക
സ്ത്ബധനായ് ഞാൻ, പിന്നെ ചിന്തിച്ചു
വീണ്ടും  ജാതി കുരുക്കിൽ വീണുവോ ദൈവമേ??

മനുഷ്യനായാൽ ചുമക്കേണം ജാതിയെന്ന -
മാറാപ്പ്,  മരണം വരെ ഈ ഭൂമിയിൽ
പിന്നെന്തിന് മതം മാറി, എടുക്കുന്നു വേലിയിൽ
കിടക്കുന്ന പാമ്പിനെ കൗപീനമാക്കുവാൻ

**ശുഭം**